പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1163 — 20.03.2012 - ൽ മറുപടിക്ക്

# കുറ്റിപ്പുറം-കണ്ണൂർ ദേശീയപാത

| ചോദ്യം<br>ശ്രീ.ഇ. പി. ജയരാജൻ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കുറ്റിപ്പുറം-കണ്ണൂർ ദേശീയപാത സർവ്വേ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; സർവ്വേ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഏതുവരെയുള്ള സർവ്വേ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ; ഇനി എത്ര ഭാഗം സർവ്വേ പൂർത്തീകരിക്കാനുണ്ടെന്നു വ്യക്തമാക്കുമോ; | (എ) | കുറ്റിപ്പുറം-കണ്ണൂർ ദേശീയപാതയുടെ സർവ്വേ പ്രവർത്തികൾ ആരംഭിച്ചത് 06.04.2006-ൽ ആണ്. സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ബി) | സർവ്വേ ജോലികൾ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | M/s.I.C.T. Private Limited, New Delhi എന്ന ഏജൻസിയെയാണ് സർവ്വേ ജോലികൾ ഏൽപിച്ചിരുന്നത്. |
| (സി) | സർവ്വേ ജോലികൾക്കായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിനോടകം എന്തു തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ; | (സി) | D.P.R. (Detailed Project Report) -ന്റെ എസ്റ്റിമേറ്റ് തുക 2,28,74,528/- രൂപയും ഇതിനോടകം ചെലവഴിച്ച തുക 1,85,30,390/- രൂപയും ആണ്. |

| | | | |
|---|---|---|---|
| (ഡി) | സർവ്വേ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | സർവ്വേ പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ഇ) | പ്രസ്തുതറോഡുനിർമ്മാണത്തിന്റെ പ്രതീക്ഷിത അടങ്കൽ എത്രയെന്നും എപ്പോൾ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത റോഡ് നിർമ്മാണത്തിന് കണ്ണൂർ മുതൽ വെങ്കളം വരെയുള്ള പാക്കേജിന്റെ അടങ്കൽ തുക 1366 കോടിയും വെങ്കളം മുതൽ കുറ്റിപ്പുറം വരെയുള്ള പാക്കേജിന്റെ അടങ്കൽ തുക 1312 കോടിയുമാണ്. ടി പ്രവർത്തിയുടെ എഗ്രിമെന്റ് 24.02.2010-ൽ ഒപ്പ് വച്ചിട്ടുള്ളതാണ്. നാലുവരിപാതയ്ക്ക് ആവശ്യമായ സ്ഥലം എടുപ്പ് പൂർത്തിയായാൽ ഉടൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | ഏതെല്ലാം പ്രധാന ടൗണുകളിലൂടെയാണ് പ്രസ്തുതറോഡ് കടന്നുപോകുന്നതെന്നും എത്ര ദൈർഘ്യമുണ്ടെന്നും വ്യക്തമാക്കുമോ? | (എഫ്) | കണ്ണൂർ മുതൽ കുറ്റിപ്പുറം വരെയുള്ള പുതിയ അലൈൻമെന്റിന്റെ ആകെ ദൈർഘ്യം 163.70 കി.മീ. ആണ്. പ്രസ്തുത റോഡ് കടന്നുപോകുന്ന പ്രധാനപ്പെട്ട ടൗണുകൾ വടകര, പയ്യോളി. കണ്ണൂർ, തലശ്ശേരി, മാഹി, കൊയിലാണ്ടി, കോഴിക്കോട്, കോട്ടക്കൽ, വളാഞ്ചേരി എന്നിവയാണ്. |

Sabitha

സെക്ഷൻ ഓഫീസർ